# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1856 | 07.03.2018 — ൽ മറുപടിക്ക്

## <u>സംസ്ഥാനത്തെ റേഷൻ കാർഡുടമകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. കെ. വി. വിജയദാസ് :** | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കാർഡുടമകൾ ഉണ്ട് ; ഇനം തിരിച്ചുള്ള വിശദവിവരം നൽകുമോ ; | (എ) സംസ്ഥാനത്ത് നിലവിൽ ആകെ 80,18,030 കാർഡുടമകളാണുള്ളത്. ഇനം തിരിച്ചുള്ള വിശദ വിവരം താഴെ പറയുന്നു.<br><br>എ.എ.വൈ - 595800<br>മുൻഗണനാ വിഭാഗം - 2906709<br>മുൻഗണനേതര വിഭാഗം - 4515521<br>**ആകെ - 8018030** |
| (ബി) റേഷൻ കാർഡിന് അപേക്ഷ നൽകിയ മുഴുവൻ പേർക്കും കാർഡ് അനുവദിച്ച് നൽകിയിട്ടുണ്ടോ ; | (ബി) റേഷൻ കാർഡിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) ബി.പി.എൽ കാർഡ് അർഹതപ്പെട്ട എല്ലാവർക്കും നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) 01.11.2016 മുതൽ പൊതുവിതരണ സമ്പ്രദായത്തിൽ എ.പി.എൽ/ ബി.പി.എൽ കാർഡുകളില്ല. പകരം മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. അന്തിമ മുൻഗണനാ പട്ടികയിൽ ധാരാളം അനർഹർ ഉൾപ്പെട്ടതിനാൽ ആയവരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അന്തിമ മുൻഗണനാ ലിസ്റ്റിൽ കടന്നുകൂടിയ 91169 സർക്കാർ ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവർ നൽകിയ പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. |
| (ഡി) ബി.പി.എൽ കാർഡുടമകൾക്ക് എന്തെല്ലാം റേഷൻ സാധനങ്ങളാണ് ഓരോ ആഴ്ചയിലും ഇപ്പോൾ നൽകിവരുന്നത് ? | ഡി) ഓരോ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി നൽകി വരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

*സെക്ഷൻ ഓഫീസർ*

# അനുബന്ധം

## ഓരോ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി നൽകി വരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിശദവിവരങ്ങൾ

<table>
<tr><th rowspan="2">ഇനം</th><th colspan="4">ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം (2018 ഫെബ്രുവരി മാസം ആധാരമാക്കിയുള്ളത്)</th></tr>
<tr><th>എ.എ.വൈ</th><th>എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം</th><th>മുൻഗണനേതര വിഭാഗം (സബ്സിഡി)</th><th>മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി)</th></tr>
<tr><td>അരി</td><td>ഓരോ കാർഡിനും 30 കിലോഗ്രാം സൗജന്യമായി</td><td>കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി</td><td>കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2/- രൂപ നിരക്കിൽ</td><td rowspan="2">ഓരോ കാർഡിനും അരിയും ഗോതമ്പും ഉൾപ്പെടെ 2 കി.ഗ്രാം ഭക്ഷ്യധാന്യം, അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും</td></tr>
<tr><td>ഗോതമ്പ്</td><td>ഓരോ കാർഡിനും 5 കിലോഗ്രാം സൗജന്യമായി</td><td>കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി</td><td>ഇല്ല</td></tr>
<tr><td>ആട്ട</td><td>ഇല്ല</td><td>ഇല്ല</td><td>കാർഡിന് 3 കിഗ്രാം വീതം കി.ഗ്രാമിന് 15/- രൂപ നിരക്കിൽ</td><td>കാർഡിന് 3 കിഗ്രാം വീതം കി.ഗ്രാമിന് 15/- രൂപ നിരക്കിൽ</td></tr>
</table>